ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

# പ്രാദേശിക വാർത്തകൾ

TIME: 12.30 PM

DATE: 10.09.2025

## പ്രധാനവാർത്തകൾ

1. ജനാധിപത്യ താൽപ്പര്യത്തിന് മുൻതൂക്കം നൽകുമെന്ന് നിയുക്ത ഉപരാഷ്ട്രപതി സി പി രാധാകൃഷ്ണൻ.

2. നേപ്പാൾ സംഘർഷ പശ്ചാത്തലത്തിൽ ഉത്തർപ്രദേശിലും പശ്ചിമബംഗാളിലും കനത്ത ജാഗ്രത. കാഠ്മണ്ഡുവിലേക്കും തിരിച്ചുമുള്ള വിമാന സർവീസുകൾ റദ്ദാക്കി.

3. സംസ്ഥാന അധ്യാപക പുരസ്കാരങ്ങൾ മന്ത്രി വി ശിവൻകുട്ടി ഇന്ന് തിരുവനന്തപുരത്ത് സമ്മാനിക്കും.

4. അമീബിക് മസ്തിഷ്ക ജ്വരം ബാധിച്ച് കോഴിക്കോട് മെഡിക്കൽ കോളെജിൽ ചികിൽസയിലുള്ള ഒരാൾ ഒഴികെ എല്ലാവരുടേയും ആരോഗ്യനില തൃപ്തികരം. ജാഗ്രത കൈവിടാതെ ആരോഗ്യ വകുപ്പ്.

5. സംസ്ഥാനത്ത് വിവിധ ജില്ലകളിൽ ഒറ്റപ്പെട്ട ശക്തമായ മഴയ്ക്ക് സാധ്യത. നാല് ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രത.

6. ഏഷ്യാ കപ്പ് ക്രിക്കറ്റിൽ ഇന്ന് ഇന്ത്യ - യുഎഇ പോരാട്ടം.

&&&&&&&&&&&&&&&&&&

RNU TVPM

## സി പി രാധാകൃഷ്ണൻ

രാജ്യവികസനത്തിനായി പരിശ്രമിക്കുമെന്ന് നിയുക്ത ഉപരാഷ്ട്രപതിയും മഹാരാഷ്ട്ര ഗവർണറുമായ സി പി രാധാകൃഷ്ണൻ. ജനാധിപത്യത്തിൽ, ഭരണകക്ഷിയും പ്രതിപക്ഷ പാർട്ടികളും പ്രധാനമാണെന്നും ജനാധിപത്യ താൽപ്പര്യത്തിന് മുൻതൂക്കം നൽകുമെന്നും അദ്ദേഹം പറഞ്ഞു. ഉപരാഷ്ട്രപതി തിരഞ്ഞെടുപ്പിലെ വിജയത്തിന് ശ്രീ സി പി രാധാകൃഷ്ണനെ രാഷ്ട്രപതി ദ്രൗപദി മുർമ്മു, പ്രധാനമന്ത്രി നരേന്ദ്ര മോദി ഉൾപ്പെടെയുള്ളവർ അഭിനന്ദിച്ചു.

I N D I A ബ്ലോക്ക് സ്ഥാനാർത്ഥിയും മുൻ സുപ്രീം കോടതി ജഡ്ജിയുമായ ബി സുദർശൻ റെഡ്ഡിയെ 152 വോട്ടുകളുടെ ഭൂരിപക്ഷത്തിലാണ് അദ്ദേഹം പരാജയപ്പെടുത്തിയത്.

************************

## നേപ്പാൾ- വിമാനസർവ്വീസ്

നേപ്പാളിൽ യുവജന പ്രക്ഷോഭം തുടരുന്ന സാഹചര്യത്തിൽ എയർ ഇന്ത്യയും സ്പൈസ് ജെറ്റും ഇന്ന് കാഠ്മണ്ഡുവിലേക്കും തിരിച്ചുമുള്ള വിമാന സർവീസുകൾ റദ്ദാക്കി. വിമാനത്താവളം അടച്ചതിനെത്തുടർന്ന് ഇന്ന് ഉച്ചവരെയുള്ള വിമാനങ്ങൾ റദ്ദാക്കിയതായി ഇൻഡിഗോയും അറിയിച്ചു. അതേസമയം സ്ഥിതിഗതികൾ ശാന്തമാകുന്നതുവരെ ഇന്ത്യൻ പൗരന്മാർ നേപ്പാളിലേക്കുള്ള യാത്ര ഒഴിവാക്കണമെന്ന് വിദേശകാര്യമന്ത്രാലയം മുന്നറിയിപ്പ് നൽകി. എന്നാൽ നേപ്പാളിലെ സംഘർഷ പശ്ചാത്തലത്തിൽ രാജ്യവുമായി അതിർത്തി പങ്കിടുന്ന ഉത്തർപ്രദേശിലെയും പശ്ചിമബംഗാളിലെയും ജില്ലകളിൽ കനത്ത ജാഗ്രത പ്രഖ്യാപിച്ചു. ഇരു സംസ്ഥാനങ്ങളിലേയും അതിർത്തി ജില്ലകളിൽ കൂടുതൽ പോലീസിനെ വിന്യസിച്ചിട്ടുണ്ട്.

************************

RNUTVPM

## അധ്യാപക-പുരസ്കാരം

സംസ്ഥാന അധ്യാപക പുരസ്കാരങ്ങൾ മന്ത്രി വി ശിവൻകുട്ടി ഇന്ന് തിരുവനന്തപുരത്ത് സമ്മാനിക്കും. പാഠ്യ-പാഠ്യേതര രംഗങ്ങളിലെ പ്രവർത്തനത്തിലും, മാതൃക ക്ലാസ്സ് അവതരണം, അഭിമുഖം എന്നിവയിൽ മികവ് പുലർത്തിയവർക്കുമുള്ള പുരസ്കാരങ്ങളാണ് ഇന്ന് നൽകുക. എഴുത്തുകാരായ അധ്യാപകരുടെ മികച്ച പുസ്തകങ്ങൾക്ക് നൽകുന്ന പ്രൊഫസർ ജോസഫ് മുണ്ടശ്ശേരി സ്മാരക സാഹിത്യ പുരസ്കാരവും ചടങ്ങിൽ സമ്മാനിക്കും. സർഗ്ഗാത്മകത സാഹിത്യം, വൈജ്ഞാനിക സാഹിത്യം, ബാലസാഹിത്യം എന്നീ മേഖലകളിലെ മികച്ച കൃതികൾക്കാണ് അവാർഡുകൾ നൽകുന്നത്.
************************

## മന്ത്രി എം. ബി. രാജേഷ്

സംസ്ഥാനത്ത് സ്ത്രീകളുടെ തൊഴിൽ പങ്കാളിത്തം 50 ശതമാനമായി ഉയർത്തുമെന്നും ഇതിലൂടെ മൊത്തം ആഭ്യന്തര ഉൽപ്പാദനത്തിൽ വൻ മുന്നേറ്റം കൈവരിക്കാനാവുമെന്നും മന്ത്രി എം. ബി. രാജേഷ്. വിജ്ഞാന കേരളം പദ്ധതിയുടെ ഭാഗമായുള്ള തൊഴിൽദാതാക്കളുടെ യോഗം പാലക്കാട് ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി. സ്ത്രീകൾക്ക് തൊഴിൽ അവസരങ്ങൾ വർധിപ്പിക്കാനാണ് സർക്കാർ ലക്ഷ്യമെന്നും മന്ത്രി പറഞ്ഞു.
************************

## അമീബിക് മസ്തിഷ്ക ജ്വരം

അമീബിക് മസ്തിഷ്ക ജ്വരം ബാധിച്ച് കോഴിക്കോട് മെഡിക്കൽ കോളെജിൽ ചികിൽസയിലുള്ള ഒരാൾ ഒഴികെയുള്ള

PRD TVPM

എല്ലാവരുടേയും ആരോഗ്യനില തൃപ്തികരമെന്ന് ആശുപത്രി അധികൃതർ. രണ്ട് കുട്ടികൾ ഉൾപ്പടെ ഒമ്പത് പേരാണ് നിലവിൽ ചികിൽസയിലുള്ളത്. അതേസമയം ജാഗ്രത കൈവിടരുതെന്നും പ്രതിരോധ പ്രവർത്തനങ്ങൾ തുടരണമെന്നും ആരോഗ്യ വകുപ്പ് മുന്നറിയിപ്പ് നൽകി.
*************************

## ആർമി റിക്രൂട്ട്മെന്റ് റാലി

ആർമി റിക്രൂട്ട്മെന്റ് റാലിക്ക് ഇടുക്കി നെടുങ്കണ്ടത്ത് തുടക്കമായി. ഈ മാസം 16 വരെയാണ് റാലി. തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, ഇടുക്കി, എറണാകുളം ജില്ലകളിലെ 3,102 ഉദ്യോഗാർഥികളാണ് റാലിയിൽ പങ്കെടുക്കുന്നത്. ഉദ്യോഗാർഥികൾക്ക് വേണ്ടി കോട്ടയം, തിരുവനന്തപുരം റെയിൽവേ സ്റ്റേഷനുകളിൽ നിന്ന് കെഎസ്ആർടിസി അധിക സർവീസുകൾ നടത്തുന്നുണ്ട്.
*************************

RNU TVPM

## ആന്റിഡ്രഗ് കാമ്പയിൻ (ഇൻട്രോ)

സംസ്ഥാന ഫിഷറീസ് വകുപ്പ് തീരോന്നതി പദ്ധതിയിലുൾപ്പെടുത്തി നടപ്പാക്കുന്ന 'ആന്റി ഡ്രഗ് കാമ്പയിൻ 2025' ന് കോഴിക്കോട് ജില്ലയിൽ തുടക്കമായി. **വിശദാംശങ്ങളുമായി ആകാശവാണി കോഴിക്കോട് ജില്ലാ പ്രതിനിധി നസീർ ബാബു..**

(വോയിസ്)

*************************

## താനൂർ

താനൂർ ബോട്ടപകടത്തെക്കുറിച്ചുള്ള അന്വേഷണ കമ്മീഷന്റെ രണ്ടാം ഘട്ട വിചാരണ ഇന്ന് മുതൽ തിരുവനന്തപുരം പൂവ്വാർ ഗ്രാമപഞ്ചായത്ത് ഹാളിൽ നടക്കും. 2023 മെയ് 7-ാം തീയതി ഉണ്ടായ ബോട്ടപകടത്തിന്റെ കാരണങ്ങളും ഭാവിയിൽ ദുരന്തങ്ങൾ ഒഴിവാക്കാൻ സ്വീകരിക്കേണ്ട നടപടികളെക്കുറിച്ചും അന്വേഷണം നടത്തി റിപ്പോർട്ട് നൽകുന്നതിനായാണ് വിചാരണ സംഘടിപ്പിച്ചിരിക്കുന്നത്.
*************************

**മഴ**

സംസ്ഥാനത്ത് വിവിധ ജില്ലകളിൽ ഒറ്റപ്പെട്ട ശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. കേരളത്തിലും ലക്ഷദ്വീപിലും ശരാശരിയിലും കൂടുതൽ മഴ ലഭിക്കാൻ സാധ്യതയുണ്ടെന്നാണ് കേന്ദ്ര കാലാവസ്ഥാ വകുപ്പ് അറിയിച്ചു. പത്തനംതിട്ട, ഇടുക്കി, പാലക്കാട്, മലപ്പുറം ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചു.
*************************

RNU TVPM

**ബെവ്കോ**

ഒഴിഞ്ഞ പ്ലാസ്റ്റിക് മദ്യക്കുപ്പികൾ സംസ്ഥാനത്തെ ബെവ്കോ ഔട്ട്ലെറ്റുകൾ വഴി ഇന്നു മുതൽ സ്വീകരിച്ചു തുടങ്ങും. പദ്ധതി നടപ്പാക്കുന്ന ബെവ്കോ ഔട്ട്ലെറ്റുകളിൽ നിന്ന് പ്ലാസ്റ്റിക് കുപ്പിയിലെ മദ്യം വാങ്ങുമ്പോൾ 20 രൂപ അധികം നൽകണം. കുപ്പി ഒന്നിന് 20 രൂപ വീതം തിരികെ ലഭിക്കും. പ്ലാസ്റ്റിക് മാലിന്യത്തിന്റെ വ്യാപനം തടയാൻ ലക്ഷ്യമിട്ടാണ് നടപടി.
*************************

**ഏഷ്യാ കപ്പ്**

ഏഷ്യാ കപ്പ് ട്വന്റി ട്വന്റി ക്രിക്കറ്റിൽ ഇന്ന് ഇന്ത്യ യുഎഇയെ നേരിടും. ദുബായ് അന്താരാഷ്ട്ര ക്രിക്കറ്റ് സ്റ്റേഡിയത്തിൽ

ഇന്ത്യൻ സമയം രാത്രി 8 മണിക്കാണ് മത്സരം. ഇന്നലെ നടന്ന ഉദ്ഘാടന മത്സരത്തിൽ അഫ്ഗാനിസ്ഥാൻ ഹോങ്കോങ്ങിനെ പരാജയപ്പെടുത്തി. ഈ മാസം 28 വരെ നടക്കുന്ന ടൂർണമെന്റിൽ എട്ടു ടീമുകളാണ് പങ്കെടുക്കുന്നത്.
************************

## ആത്മഹത്യാ പ്രതിരോധ ദിനം (ഇൻട്രോ)

ഇന്ന് ലോക ആത്മഹത്യാ പ്രതിരോധ ദിനം. "ആത്മഹത്യയെക്കുറിച്ചുള്ള ആഖ്യാന രീതി മാറ്റുക" എന്നതാണ് സന്ദേശം. ആളുകൾക്ക് സംസാരിക്കാനും സഹായം തേടാനും കഴിയുന്ന അന്തരീക്ഷം സൃഷ്ടിക്കുകയാണ് പ്രധാനമെന്ന് ദിനാചരണം ഓർമ്മിപ്പിക്കുന്നു. **മാനസിക പിരിമുറുക്കങ്ങൾ നേരിടുമ്പോൾ അവ തുറന്നു സംസാരിക്കാൻ മടികാണിക്കരുതെന്നും ആത്മഹത്യ ഒരു പ്രശ്നങ്ങൾക്കും പരിഹാരമല്ലെന്നും ടെലിമനസ് കേരളയിലെ കൺസൾട്ടന്റ് സൈക്യാട്രിസ്റ്റ് ഡോ. ദീപ്തി ആകാശവാണി വാർത്തകളോട് പറഞ്ഞു.**

(ഹോൾഡ് വോയ്സ്.........)

PNU/VPM

************************

## എം നന്ദകുമാർ

പിആർഡി മുൻ ഡയറക്ടർ എം നന്ദകുമാറിൻറെ സംസ്കാരം ഇന്ന് തിരുവനന്തപുരം ശാന്തികവാടത്തിൽ നടക്കും. ജവഹർ നഗർ വിമൻസ് അസോസിയേഷൻ ഹാളിൽ പൊതുദർശനത്തിന് വയ്ച്ച ഭൗതിക ശരീരത്തിൽ നിരവധി പേർ അന്തിമോപചാരം അർപ്പിച്ചു. പ്രഭാഷകൻ, എഴുത്തുകാരൻ, ജ്യോതിഷി എന്നീ നിലകളിൽ പ്രാഗൽഭ്യം തെളിയിച്ച അദ്ദേഹം ഇന്നലെയാണ് അന്തരിച്ചത്

*************************

## നിക്ഷേപക സംഗമം-മലപ്പുറം

ഒരു വർഷത്തിനകം 3,500 കോടി രൂപയുടെ നിക്ഷേപവും 2,000 തൊഴിലവസരങ്ങളും ലക്ഷ്യമിട്ടുള്ള മലപ്പുറം നിക്ഷേപക സംഗമം നാളെ വ്യവസായമന്ത്രി പി. രാജീവ് ഉദ്ഘാടനം ചെയ്യും. മലപ്പുറം ജില്ലയിൽ നിന്ന് ഇൻവെസ്റ്റ് കേരള ഗ്ലോബൽ സമ്മിറ്റിൽ പങ്കെടുത്തവരും, ജില്ലയിൽ 20 കോടിയിൽ അധികം നിക്ഷേപം നടത്തുന്നവരുമായ വ്യവസായികളുടെ നേതൃത്വത്തിൽ ജില്ലാ വ്യവസായ കേന്ദ്രത്തിന്റെ സഹായത്തോടെയാണ് സംരംഭകർ ഒത്തുചേരുന്നത്.

*************************

## പനങ്കുരു - ഇടുക്കി (ഇൻട്രോ)

ഉപയോഗമില്ലെന്ന് കരുതി ഉപേക്ഷിച്ചിരുന്ന പനങ്കുരു ഇപ്പോൾ വി.ഐ.പി-യാണ്. വന്യമൃഗശല്യവും പ്രതികൂല കാലാവസ്ഥയും മൂലം തകർന്ന ഇടുക്കി ഹൈറേഞ്ചിലെ കാർഷിക മേഖലയ്ക്ക് പനങ്കുരുവിന് ലഭിക്കുന്ന മികച്ച വില വലിയ ആശ്വാസമാണ് നൽകുന്നത്.

**ആകാശവാണി ഇടുക്കി ജില്ലാ പ്രതിനിധി രതീഷ് കൃഷ്ണ തയ്യാറാക്കിയ റിപ്പോർട്ട്....**

(വോയിസ്)

*************************

## സിപിഐ സംസ്ഥാന സമ്മേളനം

സിപിഐ സംസ്ഥാന സമ്മേളനം ആലപ്പുഴയിൽ ആരംഭിച്ചു. കാനം രാജേന്ദ്രർ നഗറിൽ നടക്കുന്ന സമ്മേളനം സിപിഐ ജനറൽ സെക്രട്ടറി ഡി രാജ ഉദ്ഘാടനം ചെയ്തു. വലിയ

RNU TVPM

ചുടുകാട് രക്തസാക്ഷി മണ്ഡപത്തിൽ നിന്നും സമ്മേളന നഗരിയിലേക്ക് ദീപശിഖ പ്രയാണവും നടന്നു. വൈകിട്ട് നടക്കുന്ന സെമിനാറിൽ മുഖ്യമന്ത്രി പിണറായി വിജയൻ പങ്കെടുക്കും. സമ്മേളനം മറ്റന്നാൾ സമാപിക്കും.

*************************

## സ്വർണം + ഓഹരി

സർവകാല റെക്കോർഡിൽ സ്വർണ വില. പവന് 160 രൂപ വർധിച്ച് 81,040 രൂപയും ഗ്രാമിന് 20 രൂപ വർധിച്ച് 10,130 രൂപയുമാണ് ഇന്നത്തെ വില. രാജ്യത്തെ ഓഹരി വിപണികളിൽ നേട്ടം. ബോംബെ ഓഹരി സൂചിക സെൻസെക്സ് 389 പോയിന്റ് ഉയർന്നു 81,488 ലും, ദേശീയ ഓഹരി സൂചിക നിഫ്റ്റി 121 പോയിന്റ് നേട്ടത്തിൽ 24,990 ലും വ്യാപാരം തുടരുന്നു.

*

*******

******************************************

RNU TVPM